പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതന കുടിശ്ശിക

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5541 — 27-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.എൻ.എ ഖാദർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം വിദഗ്ദ്ധ തൊഴിലാളികളുടെ വേതന ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ വിദഗ്ദ്ധ കൂലിയിനത്തിൽ 12-03-2018 വരെയുണ്ടായിരുന്ന കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി കേന്ദ്രവിഹിതമായി എത്ര ലഭിച്ചുവെന്നും, സംസ്ഥാന വിഹിതം എത്രയാണ് നൽകേണ്ടതെന്നും അറിയിക്കുമോ; | (ബി) | പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രമായി ഫണ്ട് ലഭ്യമാകുന്നില്ല. എന്നാൽ ഭരണ ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം, സാധന ഘടകം എന്നീ ഇനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം (22-03-2018 വരെ) ആകെ 202.02 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായി സംസ്ഥാന വിഹിതം 51.11 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന വിഹിതമായി ഇതുവരെ ലഭിച്ച തുക എത്രയാണെന്നറിയിക്കാമോ; കുടിശ്ശിക നൽകുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ? | (സി) | സംസ്ഥാന വിഹിതമായി 51.11 കോടി (സാധന ഘടകത്തിന്റെ 25 ശതമാനം) ലഭിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 09-02-2018-ന് 13213.38 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ